"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിവിധ ശീർഷകങ്ങളിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.66/2026/DMD തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:- 1. GO(Ms) No. 6/2023 തിയതി 18/06/2023

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 29-10-2025 തിയതിയിലെ DCALP-8085/2025/DMC5 നം. കത്ത്

**ഉത്തരവ്**

മൺസൂൺ പ്രതിരോധ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ വിവിധ ശീർഷകങ്ങളിൽ നിന്നും തുക അടിയന്തിരമായി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൺസൂൺ പ്രതിരോധ, ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുകകൾ അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിവിധ ശീർഷകങ്ങളിൽ നിന്നും ചുവടെ പരാമർശം പ്രകാരം ആകെ 8,25,26,663 (എട്ട് കോടി ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തിമൂന്നു രൂപ മാത്രം) ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| SL No. | ITEM | HoA | Requested amount (Rs) |
|---|---|---|---|
| 1 | 2021-22 മുതൽ 2025-26 വരെ ആലപ്പുഴ ജില്ലയിലെ വിവിധ കൃഷി ഭവൻ പരിധിയിലുള്ള പാടശേഖരങ്ങളിൽ ഉണ്ടായ മട വീഴ്ചയുക്കുണ്ടായ നഷ്ടപരിഹാരം. | 2245-02-101-94-01<br>F Other items | 3,01,26,663/-<br>(മൂന്ന് കോടി ഒരു ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തിമൂന്നു രൂപ മാത്രം) |
| | കൈനകരി കൃഷിഭവൻ പരിധിയിലെ | | |

| | | | |
|---|---|---|---|
| 2 | ആറു പങ്ക്, പരുത്തി വളവ് പാടശേഖരങ്ങളിൽ 2025 മെയ് മാസം ഉണ്ടായ കനത്ത മഴയെ തുടർന്നുള്ള വെള്ളപ്പൊക്കത്തിൽ മട വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ ആറു പങ്ക്, പരുത്തി വളവ് പാടശേഖരങ്ങളിലെ മട കുത്തുന്നതിനായി ധനസഹായം. | 2245-02-101-94-01 F Other items | 24,00,000/-(ഇരുപത്തിനാലു ലക്ഷം രൂപാ മാത്രം) |
| 3 | വെള്ളപ്പൊക്കത്തിൽ തകർന്ന റോഡ് പ്രവൃത്തികളുടെ പുനരുദ്ധാരണത്തിന് ജില്ലയ്ക്ക് 2025-2026 വർഷത്തിൽ അനുവദിച്ചിരുന്ന 1,00,00,000/- (ഒരു കോടി) രൂപയിൽ 93,42,808/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. ബാക്കി തുക(6,57,192/-) തുടർന്ന് അലോട്ട്മെന്റ് നൽകുന്നതിന് അപര്യാപ്തമായതിനാൽ, അനുമതി ലഭിച്ച 54 പ്രവൃത്തികൾക്കായി അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച്. | 2245-02-106-99 Flood Repair and restoration of damaged roads | 2,00,00,000/- (രണ്ടു കോടി) |
| 4 | കാലവർഷക്കെടുതിയിൽ ജില്ലയിലെ 6 താലൂക്കുകളിലായി ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകളുടെയും ഗ്രുവൽ സെന്ററുകളുടെയും നടത്തിപ്പിനാവശ്യമായ ചെലവുകൾ വഹിക്കുന്നതിന് അനുവദിച്ചിരുന്ന 5000000/-(അൻപത് ലക്ഷം രൂപാ) അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച്. | 2245-02-101-98 F-Food and Clothing | 30000000/- (മൂന്ന് കോടി രൂപാ മാത്രം) |
| | ആകെ | | 8,25,26,663 (എട്ട് കോടി ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി അറുന്നൂറ്റി അറുപത്തിമൂന്നു രൂപ മാത്രം) |

പരാമർശം (1)ലെ നിബന്ധനകൾക്ക് വിധേയമായി മാത്രം തുക ചിലവഴിക്കേണ്ടതാണ്.

3. നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും ഈ തുക വിനിയോഗിക്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, ആലപ്പുഴ
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Vincent U**
**Date: 03-02-2026 14:49:46**
സെക്ഷൻ ഓഫീസർ